പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7279 16.07.2012 - ൽ മറുപടിക്ക്**

**പാഡി പെയ്മെന്റ് ഓഫീസുകളും തൃശ്ശൂർ ജില്ലയിലെ നെല്ലുസംഭരണവും**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി. ഗീതാ ഗോപി** | | **ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)** | |
| എ) | സംസ്ഥാനത്ത് പാഡി പെയ്മെന്റ് ഓഫീസുകൾ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | പാലക്കാട്,തൃശ്ശൂർ , കോട്ടയം, ആലപ്പുഴ എന്നിവിടങ്ങളിലാണ് സംസ്ഥാനത്ത് പാഡി പെയ്മെന്റ് ഓഫീസുകൾ നിലവിലുള്ളത്. പുതുതായി കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിലാണ് പാഡി പെയ്മെന്റ് ഓഫീസുകൾ ആരംഭിച്ചിട്ടുള്ളത്. |
| ബി) | പാഡി പെയ്മെന്റ് ഓഫീസുകളുടെ പ്രവർത്തനം വിശദമാക്കുമോ; | ബി) | കർഷകരിൽ നിന്നും നെല്ലു സംഭരിക്കുമ്പോൾ അവർക്കു നൽകുന്ന പാഡി രസീത് ഷീറ്റ് കർഷകർ പാഡി പെയ്മെന്റ് ഓഫീസിൽ സമർപ്പിക്കുന്ന മുറയ്ക്കാണ് വെരിഫിക്കേഷൻ നടത്തുന്നത്. വെരിഫിക്കേഷനു ശേഷം നെല്ലിൻെറ വില കർഷകൻെറ വ്യക്തിഗതമായ ബാങ്ക് അക്കൗണ്ടിലേക്കാണ് അടയ്ക്കുന്നത്. |
| സി) | തൃശ്ശൂർ ജില്ലയിൽ നെല്ല് സംഭരിച്ചതുമായി ബന്ധപ്പെട്ട് എത്ര കർഷകർക്ക് എന്തു തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ; | സി) | തൃശ്ശൂർ ജില്ലയിൽ നിന്നും നെല്ലുസംഭരിച്ചതുമായി ബന്ധപ്പെട്ട് 3880 കർഷകർക്കായി 24.48 കോടി രൂപ കുടിശ്ശികയുണ്ട്. |
| ഡി) | പ്രസ്തുത തുക എത്ര ദിവസത്തിനകം അനുവദിക്കുമെന്ന് വ്യക്തമാക്കുമോ? | ഡി) | സപ്ലൈകോ ബാങ്ക് ലോൺ എടുത്താണ് ഇപ്പോൾ കുടിശ്ശിക നൽകിക്കൊണ്ടിരിക്കുന്നത്. സബ്സിഡി ലഭ്യമാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ മുഴുവൻ കർഷകർക്കും അവരുടെ നെല്ലിൻെറ വില കൊടുത്തു തീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.